**പതിനാലാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2280 - 12/6/2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. ടി. ബൽറാം | ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## പൊതുകടം കൂടുന്നതിൽ ധനകാര്യ കമ്മീഷന് ആശങ്ക

<table>
<tr><th>ചോദ്യം</th><th>മറുപടി</th></tr>
<tr><td>(എ)<br>സംസ്ഥാന സർക്കാരിന്റെ പൊതുകടം കൂടുന്നതിൽ ധനകാര്യകമ്മീഷൻ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ടോ;</td><td>ഔദ്യോഗികമായി അറിയിച്ചിട്ടില്ല.</td></tr>
<tr><td>(ബി)<br>2018-19 വർഷം പൊതുവിപണിയിൽ നിന്നും എന്ത് തുക വായ്പയെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;</td><td>2018-19 വർഷം പൊതുവിപണിയിൽ നിന്നും 24085.79കോടി രൂപ വായ്പയെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.</td></tr>
<tr><td>(സി)<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനകം എത്ര കോടി രൂപ വായ്പയെടുത്തുവെന്ന് വ്യക്തമാക്കുമോ; വായ്പയെടുത്ത തുക പ്രത്യുല്പാദനപരമല്ലാത്ത പദ്ധതികളിൽ വിനിയോഗിക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ;</td><td>അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 01.04.2016 മുതൽ 31.03.2018 വരെയുള്ള സംസ്ഥാനത്തിന്റെ വായ്പ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)
<table>
<tr><th></th><th>2016-17</th><th>2017-18 *</th></tr>
<tr><td>ആഭ്യന്തര കടം</td><td>15772.46</td><td>17216.91</td></tr>
<tr><td>കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ</td><td>379.43</td><td>-130.09</td></tr>
<tr><td>സ്മോൾ സേവിംഗ്സ് പ്രോവിഡന്റ് ഫണ്ട്, മറ്റുള്ളവ</td><td>12931.66</td><td>4794.25</td></tr>
</table>
*(എ.ജി.യിൽ നിന്നുള്ള പ്രാഥമിക കണക്ക്)<br><br>വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ്</td></tr>
</table>

| | |
|---|---|
| | വിനിയോഗിക്കുന്നത്. എന്നാൽ വായ്പയായി എടുക്കുന്ന തുകയുടെ ഒരു ഭാഗം പദ്ധതിയേതര റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരാറുണ്ട്. |
| (ഡി)<br>ലോക ബാങ്കിൽ നിന്നും 2017-18ൽ എത്ര കോടി രൂപ ധനസഹായം ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികളിലാണ് നിലവിൽ ലോകബാങ്കിന്റെ സഹായം ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ; | ലോകബാങ്കിൽ നിന്നും വിദേശ സഹായ പദ്ധതികൾക്കുള്ള വായ്പാ ഇനത്തിൽ 356.33 കോടി രൂപ (താത്ക്കാലിക കണക്കു പ്രകാരം) 2017-18-ൽ ലഭിച്ചു. നിലവിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇമ്പ്രൂവ്മെന്റ് പ്രോജക്റ്റ്, കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ പ്രോജക്റ്റ്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് എന്നീ പദ്ധതികൾക്കാണ് ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നത്. |
| (ഇ)<br>സംസ്ഥാന സർക്കാരിന്റെ കടബാധ്യത അനിയന്ത്രിതമായി വർദ്ധിക്കുന്നത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | കടബാദ്ധ്യത അനിയന്ത്രിതമായി വർദ്ധിക്കുന്നില്ല. നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്നു ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ